# 29th

# KERALA STATE
## TELEVISION AWARDS
## 2020



# DECLARATION

**1st September 2021**
**P.R.Chamber, Govt.Secretariat**


**KERALA STATE CHALACHITRA ACADEMY**
Sathyan Memorial Building, Kinfra Film & Video Park,
Chanthavila, Sainik School.P.O., Kazhakuttom,Thiruvananthapuram - 695 585
Tel: 0471-2756622, 2755322, email: office@chalachitraacademy.org
www.keralafilm.com

# ജൂറി അംഗങ്ങൾ

## കഥാവിഭാഗം

1. **ശ്രീ.ആർ.ശരത് (ചെയർമാൻ)**
   സംവിധായകൻ, ദേശീയ, സംസ്ഥാന ചലച്ചിത്ര അവാർഡ് ജേതാവ്.
2. **ശ്രീ.എസ്.ഹരീഷ് (അംഗം)**
   തിരക്കഥാകൃത്ത്, സംസ്ഥാന ചലച്ചിത്ര അവാർഡ് ജേതാവ്.
3. **ശ്രീമതി.ലെന കുമാർ (അംഗം)**
   നടി, കേരള സംസ്ഥാന ടെലിവിഷൻ അവാർഡ് ജേതാവ്.
4. **ശ്രീ.സുരേഷ് പൊതുവാൾ (അംഗം)**
   സംവിധായകൻ, തിരക്കഥാകൃത്ത്, കേരള സംസ്ഥാന ടെലിവിഷൻ അവാർഡ് ജേതാവ്.
5. **ശ്രീ.ജിത്തു കോളയാട് (അംഗം)**
   സംവിധായകൻ, കേരള സംസ്ഥാന ടെലിവിഷൻ അവാർഡ് ജേതാവ്
6. **ശ്രീ.സി.അജോയ് (മെമ്പർ സെക്രട്ടറി)**
   സെക്രട്ടറി, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി

## കഥേതര വിഭാഗം

1. **ശ്രീ.സഞ്ജു സുരേന്ദ്രൻ (ചെയർമാൻ)**
   ഡോക്യുമെന്ററി & സിനിമാ സംവിധായകൻ, ദേശീയ, സംസ്ഥാന ചലച്ചിത്ര അവാർഡ് ജേതാവ്.
2. **ശ്രീ.എം.എസ് ബനേഷ് (അംഗം)**
   ഡോക്യുമെന്ററി സംവിധായകൻ, കേരള സംസ്ഥാന ടെലിവിഷൻ അവാർഡ് ജേതാവ്
3. **ശ്രീമതി.എം.എസ്.ശ്രീകല (അംഗം)**
   കേരള സംസ്ഥാന ടെലിവിഷൻ അവാർഡ് ജേതാവ്
4. **ശ്രീ.സലിൻ മാങ്കുഴി (അംഗം)**
   തിരക്കഥാകൃത്ത്, സംസ്ഥാന ടെലിവിഷൻ അവാർഡ് ജേതാവ്.
5. **ശ്രീ.നൗഷാദ് ഷെരീഫ് (അംഗം)**
   ഛായാഗ്രാഹകൻ, സംസ്ഥാന ടെലിവിഷൻ അവാർഡ് ജേതാവ്.
6. **ശ്രീ.സി.അജോയ് (മെമ്പർ സെക്രട്ടറി)**
   സെക്രട്ടറി, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി

## രചനാ വിഭാഗം

1. **ഡോ.കെ.ഗോപിനാഥൻ (ചെയർമാൻ)**
   നിരൂപകൻ, സംവിധായകൻ, സംസ്ഥാന ചലച്ചിത്ര അവാർഡ് ജേതാവ്.
2. **ശ്രീ.കെ.പി.ജയകുമാർ (അംഗം)**
   നിരൂപകൻ, സംസ്ഥാന ചലച്ചിത്ര അവാർഡ് ജേതാവ്.
3. **ശ്രീമതി. കവിത ബാലകൃഷ്ണൻ (അംഗം)**
   കലാനിരൂപക, ചിത്രകാരി, കേരള ലളിതകലാ അക്കാദമി അവാർഡ് ജേതാവ്
4. **ശ്രീ.സി.അജോയ് (മെമ്പർ സെക്രട്ടറി)**
   സെക്രട്ടറി, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി

# 29-ാമത് ടെലിവിഷൻ അവാർഡ് നിർണ്ണയ കമ്മിറ്റികളുടെ പരാമർശങ്ങളും നിർദ്ദേശങ്ങളും

## കഥാവിഭാഗം പരാമർശങ്ങൾ

2020 ലെ കേരള സംസ്ഥാന ടെലിവിഷൻ അവാർഡ് നിർണയത്തിനായി കഥാവിഭാഗത്തിൽ ആകെ 39 എൻട്രികളാണ് സമർപ്പിക്കപ്പെട്ടത്. ടെലിസീരിയൽ വിഭാഗത്തിൽ 6 ഉം ടെലിഫിലിം വിഭാഗത്തിൽ 14 ഉം ടി.വി.ഷോ എന്റർടെയ്ൻമെന്റ് വിഭാഗത്തിൽ 11 ഉം കോമഡി പ്രോഗ്രാം വിഭാഗത്തിൽ 8 ഉം എൻട്രികൾ ലഭിച്ചിരുന്നു.

കുട്ടികൾ സജീവമായി കാണുന്ന മാധ്യമമായിരുന്നിട്ടുപോലും കുട്ടികൾക്കുവേണ്ടിയുള്ള ഹ്രസ്വചിത്രവിഭാഗത്തിൽ എൻട്രികൾ സമർപ്പിക്കപ്പെട്ടില്ല എന്നത് ഖേദകരമാണ്.

ജൂറിയുടെ മുന്നിലെത്തിയ എൻട്രികളിൽ ഭൂരിഭാഗവും അവാർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഒന്നും തന്നെ സാക്ഷാത്കരിക്കുന്നവയായിരുന്നില്ല. അതുകൊണ്ടുതന്നെ മികച്ച സീരിയൽ, മികച്ച രണ്ടാമത്തെ സീരിയൽ, മികച്ച സംവിധായകൻ, മികച്ച കലാസംവിധായകൻ എന്നീ വിഭാഗങ്ങളിൽ ഈ വർഷം പുരസ്കാരം നൽകാൻ സാധിച്ചിട്ടില്ല.

മറ്റു വിഭാഗങ്ങളിലെ എൻട്രികളുടെ നിലവാരത്തകർച്ച കാരണം അവാർഡുകൾ നിർണയിക്കുന്നതിന് ജൂറിക്ക് ഏറെ പരിശ്രമിക്കേണ്ടി വന്നു.

ടെലിവിഷൻ പരമ്പരകളിൽ സ്ത്രീകളെയും കുട്ടികളെയും മോശമായി ചിത്രീകരിച്ചുകാണുന്നതിൽ ജൂറി കടുത്ത ആശങ്ക രേഖപ്പെടുത്തുന്നു.

വീടുകളിൽ കുടുംബാംഗങ്ങൾ ഒരുമിച്ചിരുന്നു കാണുന്ന ഒരു മാധ്യമം എന്ന നിലയിൽ ടെലിവിഷൻ പരമ്പരകളിലും കോമഡി പരിപാടികളിലും ചാനലുകൾ കൂടുതൽ ഉത്തരവാദിത്തബോധം പുലർത്തണമെന്ന് എൻട്രികൾ വിലയിരുത്തികൊണ്ട് ജൂറി അഭിപ്രായപ്പെടുന്നു.

## കഥാവിഭാഗം നിർദ്ദേശങ്ങൾ

1. നിലവാരമില്ലാത്ത എൻട്രികൾ നിരവധി വരുന്നതിനാൽ ഒരു പ്രിലിമിനറി സ്ക്രീനിംഗ് കമ്മറ്റി അത്യാവശ്യമാണ്.
2. കൂടുതൽ വൈവിധ്യവും നിലവാരവുമുള്ള കലാസൃഷ്ടികളെ ആകർഷിക്കുന്നതിനുവേണ്ടി സിനിമയൊഴികെയുള്ള മുഴുവൻ ദൃശ്യാവിഷ്കാരങ്ങളെയും ഒരു കുടക്കീഴിൽ അണിനിരത്തിക്കൊണ്ട് സിനിമേതരവിഭാഗം അവാർഡ്

എന്ന രീതിയിൽ സംസ്ഥാന ടെലിവിഷൻ അവാർഡ് കാലോചിതമായി പരിഷ്കരിക്കേണ്ടതാണ്. പുതിയ കാലഘട്ടം മുന്നോട്ടുവെക്കുന്ന നവമാധ്യമ സൃഷ്ടികൾ, വെബ് സിരീസുകൾ, ക്യാമ്പസ് ചിത്രങ്ങൾ, പരസ്യ ചിത്രങ്ങൾ തുടങ്ങിയവ കൂടി നിശ്ചിത മാനദണ്ഡത്തിനു വിധേയമായി ഉൾപ്പെടുത്തിക്കൊണ്ട് ടെലിവിഷൻ അവാർഡ് പ്ലാറ്റ്ഫോം വിപുലപ്പെടുത്തേണ്ടതാണ്.

മേൽപ്പറഞ്ഞ വിഷയങ്ങൾ സമഗ്രമായി പഠിച്ച് പ്രാവർത്തികമാക്കാൻ ഒരു വിദഗ്ധ സമിതിയെ നിയോഗിക്കണമെന്ന് ഈ ജൂറി ശുപാർശ ചെയ്യുന്നു. ഒപ്പം നിലവിലെ ഓരോ അവാർഡ് കാറ്റഗറിയുടെയും മാനദണ്ഡം സംബന്ധിച്ച് നിയമാവലിയിൽ കാലോചിതമായ ഭേദഗതി നിർദ്ദേശിക്കാനുള്ള ചുമതല കൂടി വിദഗ്ധ സമിതിയെ ഏൽപ്പിക്കേണ്ടതാണ്.

എല്ലാ കാറ്റഗറികളിലെയും അവാർഡ് തുക വർധിപ്പിക്കുന്നത് മികച്ച സൃഷ്ടികൾ ലഭിക്കാനിടയാക്കുമെന്ന് ജൂറി കരുതുന്നു. അതിനാൽ പുരസ്കാരത്തുക കാലോചിതമായി വർധിപ്പിക്കേണ്ടതാണ്.

## കഥേതര വിഭാഗം പരാമർശങ്ങൾ

അടച്ചിടൽ കാലത്ത് ദൃശ്യമാധ്യമ പ്രവർത്തകർക്ക് വലിയതോതിൽ പുറത്തിറങ്ങാൻ കഴിയാതിരുന്നതിന്റെ സകല പരിമിതികളും എൻട്രികളിൽ ഉണ്ടായിരുന്നു. അതേ സമയം വലിയൊരു രോഗപ്പകർച്ചയുടെ കാലത്തെ ഇച്ഛാശക്തിയോടെ അഭിമുഖീകരിക്കാൻ വാർത്താ-വാർത്തേതര മാധ്യമങ്ങൾക്ക് കഴിഞ്ഞിട്ടില്ല.

കേരള സമൂഹത്തിന്റെ സമകാലിക ജീവിതങ്ങളെ ആവിഷ്കരിക്കുന്ന ഇടപെടൽ സ്വഭാവമുള്ള ഡോക്യുമെന്ററികൾ തയ്യാറാക്കാൻ പലരും താൽപ്പര്യം പ്രകടിപ്പിച്ചു കാണുന്നില്ല. വിശ്വാസം, ആചാരം, അനുഷ്ഠാനം, കലാരൂപങ്ങൾ, ബയോഗ്രാഫി തുടങ്ങിയ വിഷയങ്ങളിൽ മാത്രം ഡോക്യുമെന്ററി സംവിധായകർ താൽപ്പര്യം കാണിക്കുന്നത് ഉചിതമല്ല. വാർത്താബുള്ളറ്റിനുകളിൽ സംപ്രേഷണം ചെയ്ത സ്റ്റോറികളിലെ ബൈറ്റുകൾ വിപുലീകരിച്ച് ഡോക്യുമെന്ററികളുടെ ലേബലിൽ അയയ്ക്കുന്നത് ആശാസ്യമല്ല.

## കഥേതര വിഭാഗം നിർദ്ദേശങ്ങൾ

ന്യൂസ് ക്യാമറാപേഴ്സണ് പുറമേ ഡോക്യുമെന്ററിയിൽ ക്യാമറാപേഴ്സൺ, എഡിറ്റിംഗ്, ശബ്ദലേഖനം എന്നീ വിഭാഗങ്ങളിലും പുരസ്കാരം നൽകേണ്ടതാണ്.

ഡോക്യുമെന്ററിയിൽ ശാസ്ത്ര-പരിസ്ഥിതി പുരസ്കാരങ്ങൾക്ക് പുറമേ ചരിത്ര ഡോക്യുമെന്ററികൾക്കു കൂടി പുരസ്കാരം നൽകാവുന്നതാണ്.

ഡോക്യുമെന്ററി മേഖലയിൽ ലോകവ്യാപകമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന പുതുശൈലികൾ പരിചയിപ്പിക്കുക എന്ന ലക്ഷ്യത്തോടെ അക്കാദമിയുടെ നേതൃത്വത്തിൽ ഒരു പരിശീലനക്കളരി നടത്താവുന്നതാണ്.

നിലവിൽ അവാർഡിന് പരിഗണിക്കാനുള്ള മാനദണ്ഡം എന്നത് ചാനലുകളിൽ നിന്നുള്ള ടെലികാസ്റ്റ് സർട്ടിഫിക്കറ്റോ, സെൻസർ സർട്ടിഫിക്കറ്റോ ആണ്. സാമൂഹ്യമാധ്യമങ്ങളിലും വെബ്സൈറ്റുകളിലും മറ്റും അവതരിപ്പിക്കപ്പെടുന്നവയെക്കൂടി ഉൾപ്പെടുത്തി കേരള സംസ്ഥാന ടെലിവിഷൻ അവാർഡ് പരിഷ്കരിക്കപ്പെടേണ്ടതാണ്.

## രചനാ വിഭാഗം പരാമർശങ്ങൾ

രചനാവിഭാഗത്തിൽ രണ്ട് പുരസ്കാരങ്ങളാണ് നിർണ്ണയിക്കേണ്ടത്. ഒന്ന്: മികച്ച പുസ്തകം. രണ്ട്: മികച്ച ലേഖനം. പുസ്തക വിഭാഗത്തിൽ ഒന്നും ലേഖന വിഭാഗത്തിൽ ഏഴും രചനകളാണ് ജൂറിയുടെ പരിഗണനയ്ക്ക് വന്നത്.

ഒരു പുസ്തകം മാത്രമാണ് ഈ വിഭാഗത്തിൽ ജൂറിയുടെ പരിഗണനയ്ക്ക് വന്നത്. സംസ്ഥാന ടെലിവിഷൻ അവാർഡ് റഗുലേഷനിലെ ചട്ടം എട്ട് പ്രകാരം രണ്ടിൽ കൂടുതൽ അപേക്ഷകളില്ലാത്ത വിഭാഗങ്ങളിൽ അവാർഡ് നൽകുന്നതല്ല. ഈ നിബന്ധന അനുസരിച്ച് പുരസ്കാരത്തിന് പുസ്തകം പരിഗണിക്കുന്നതിലുള്ള പരിമിതി ജൂറി പരിഗണിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ഈ വർഷം പുസ്തകത്തിന് അവാർഡ് നൽകേണ്ടതില്ല എന്ന് ജൂറി ഏകകണ്ഠമായി തീരുമാനിച്ചു.

ടെലിവിഷനുമായി ബന്ധപ്പെട്ട് ഏഴ് ലേഖനങ്ങളാണ് ജൂറിയുടെ പരിഗണനയ്ക്ക് വന്നത്. ലേഖനങ്ങൾ ജൂറി അംഗങ്ങൾ വിശദമായി പരിശോധിച്ചു. ഒരു വിഷയം എന്ന നിലയിൽ ടെലിവിഷൻ കാഴ്ചാനുഭവത്തെ ആഴത്തിൽ പഠിക്കുകയോ വിലയിരുത്തുകയോ ചെയ്യുന്ന ലേഖനങ്ങൾ കുറഞ്ഞുവരുന്നതായി ജൂറി അഭിപ്രായപ്പെട്ടു. അധികവും ടെലിവിഷൻ കാഴ്ചകളെക്കുറിച്ചുള്ള സാമാന്യമായ ഉപന്യാസങ്ങളോ, സാരോപദേശരൂപത്തിലുള്ള കുറിപ്പുകളോ ആയിരുന്നു. മൗലികവും അക്കാദമികവുമായ പഠനങ്ങളുടെ അഭാവം ഈ വിഭാഗത്തിലെ ലേഖനങ്ങളിൽ പ്രകടമായിരുന്നു.

## ജൂറി നിർദ്ദേശങ്ങൾ

ടെലിവിഷൻ പ്രമേയമാകുന്ന രചനകളുടെ കുറവ് അവാർഡ് നിർണ്ണയ സമിതി ഗൗരവത്തോടെ കാണുന്നു. ഈ രംഗത്ത് അക്കാദമിക നിലവാരമുള്ള പഠനങ്ങൾ ഉണ്ടാകേണ്ടതുണ്ട്. അതിനായി ചില നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു.

1. ടെലിവിഷൻ രചനാ വിഭാഗം പുരസ്കാരത്തെ ടെലിവിഷൻ-നവമാധ്യമ രചനാ വിഭാഗം അവാർഡ് എന്ന് വിപുലമാക്കുന്നത് നന്നായിരിക്കും. ചലച്ചിത്രം ഒഴികെയുള്ള ദൃശ്യമാധ്യമ പഠനങ്ങൾ ഈ പരിധിയിൽ കൊണ്ടുവരാനാകും.

2. കേരളത്തിലെ സർവ്വകലാശാലകളിലും ഗവേഷണ കേന്ദ്രങ്ങളിലും നടക്കുന്ന ടെലിവിഷൻ-നവമാധ്യമ പഠനങ്ങൾ കണ്ടെത്തി മികച്ചവ പ്രസിദ്ധീകരിക്കാൻ സൗകര്യമൊരുക്കുന്നത് പരിഗണിക്കണം.

3. ചലച്ചിത്ര ഗവേഷണത്തിന് ഫെലോഷിപ്പ് നൽകുന്നതുപോലെ ടെലിവിഷൻ നവമാധ്യമവുമായി ബന്ധപ്പെട്ട ഗവേഷണത്തിന് നിശ്ചിത എണ്ണം ഫെലോഷിപ്പുകൾ ഓരോ വർഷവും നൽകുന്നത് പരിഗണിക്കണം.

4. രചനാവിഭാഗത്തിലെ അപേക്ഷകളുടെ കുറവ് പരിഗണിച്ച് അതത് വർഷത്തെ രചനകൾ എന്ന നിബന്ധന ഒഴിവാക്കി കഴിഞ്ഞ രണ്ട് വർഷങ്ങളിലെ രചനകൾ എന്ന് നിശ്ചയിക്കുന്നത് നന്നായിരിക്കും.

# അവാർഡുകൾ

## രചനാ വിഭാഗം

**1. മികച്ച ഗ്രന്ഥം :**

ഒരു പുസ്തകം മാത്രമാണ് ഈ വിഭാഗത്തിൽ ജൂറിയുടെ പരിഗണനയ്ക്ക് വന്നത്. സംസ്ഥാന ടെലിവിഷൻ അവാർഡ് റഗുലേഷനിലെ ചട്ടം എട്ട് പ്രകാരം രണ്ടിൽ കൂടുതൽ അപേക്ഷകളില്ലാത്ത വിഭാഗങ്ങളിൽ അവാർഡ് നൽകുന്നതല്ല. ഈ നിബന്ധന അനുസരിച്ച് പുരസ്കാരത്തിന് പുസ്തകം പരിഗണിക്കുന്നതിലുള്ള പരിമിതി ജൂറി പരിഗണിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ഈ വർഷം പുസ്തകത്തിന് അവാർഡ് നൽകേണ്ടതില്ല എന്ന് ജൂറി ഏകകണ്ഠമായി തീരുമാനിച്ചു.

---

**2. മികച്ച ലേഖനം : അധികാരം കാഴ്ചയോട് ചെയ്യുന്നത്**

**രചയിതാവ് : ജിതിൻ.കെ.സി**

ദൃശ്യമാധ്യമം എന്ന നിലയിൽ ടെലിവിഷൻ ഉൽപാദിപ്പിക്കുകയും വിനിമയം ചെയ്യുകയും ചെയ്യുന്ന കാഴ്ചയുടെ ഉള്ളടക്കത്തെ പരിശോധിക്കുന്ന ലേഖനം. സമൂഹത്തിന്റെ അഭിപ്രായ രൂപീകരണത്തിൽ ടെലിവിഷൻ ചെലുത്തുന്ന സ്വാധീനം വസ്തുതാപരമായി പരിശോധിക്കാനുള്ള ശ്രമം ഈ രചനയിലുണ്ട്. ഒപ്പം കോവിഡ് കാല കാഴ്ചയെ പിടിച്ചെടുക്കുന്ന ഒ.ടി.ടി പ്ലാറ്റ്ഫോമുകളെക്കുറിച്ചുള്ള ആലോചനകളും അതിൽ ലീനമായിരിക്കുന്ന രാഷ്ട്രീയ സാംസ്കാരിക പാഠങ്ങളും ഈ ലേഖനം പരിശോധിക്കാൻ ശ്രമിക്കുന്നു. വിഷയത്തെ അക്കാദമികമായി സമീപിക്കുകയും മൗലികമായ നിരീക്ഷണങ്ങൾ മുന്നോട്ടുവെയ്ക്കുകയും ചെയ്യുന്നു ഈ ലേഖനം.

# അവാർഡുകൾ

## കഥാവിഭാഗം

1. **മികച്ച ടെലി സീരിയൽ :**

**കലാമൂല്യവും സാങ്കേതിക മികവും പ്രകടമാക്കുന്ന സൃഷ്ടികൾ ഒന്നും തന്നെ കണ്ടെത്താൻ സാധിക്കാത്തതിനാൽ ഈ വിഭാഗത്തിൽ അവാർഡ് നൽകേണ്ടതില്ലെന്ന് ജൂറി തീരുമാനിക്കുന്നു.**

2. **മികച്ച രണ്ടാമത്തെ ടെലി സീരിയൽ :**

**മികച്ച സീരിയൽ ഇല്ലാത്തതുകൊണ്ടുതന്നെ രണ്ടാമത്തെ സീരിയൽ പുരസ്കാരത്തിന് യോഗ്യമായതില്ല.**

3. **മികച്ച ടെലി ഫിലിം** (20 മിനിട്ടിൽ കുറവ്) : **കള്ളൻ മറുത** (ADN GOLD)

സംവിധാനം : **റജിൽ കെ.സി.**
(15,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

നിർമ്മാണം : **അർജ്ജുൻ.കെ.**
(15,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

തിരക്കഥ : **റജിൽ.കെ.സി.**
(10,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

ഒരു കുട്ടിയുടെ മനസ്സിലേയ്ക്ക് ലളിതമായ നാടോടിക്കഥ വ്യത്യസ്തമായ അർത്ഥതലങ്ങളോടെ സന്നിവേശിപ്പിച്ച ആവിഷ്കാര മികവിന്.

4. **മികച്ച ടെലി ഫിലിം** (20 മിനിട്ടിൽ കൂടിയത്) :

ഈ വിഭാഗത്തിൽ സമർപ്പിക്കപ്പെട്ട എൻട്രികളിൽ മികച്ച സൃഷ്ടികൾ ഇല്ലാതിരുന്നതിനാൽ പുരസ്കാരം നൽകേണ്ടതില്ലെന്ന് ജൂറി തീരുമാനിക്കുന്നു.

5. **മികച്ച കഥാകൃത്ത്** (ടെലിസീരിയൽ/ടെലിഫിലിം) : **അർജ്ജുൻ.കെ.**
(10,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

പരിപാടി : **കള്ളൻ മറുത** (ADN GOLD)

ഒരു നാടോടിക്കഥയുടെ സ്പർശമുള്ള പ്രമേയം വ്യത്യസ്ത അർത്ഥതലങ്ങളിൽ ആവിഷ്കരിച്ച രചനാമികവിന്.

**6. മികച്ച ടി.വി.ഷോ (എന്റർടെയിൻമെന്റ്) : റെഡ് കാർപ്പറ്റ്** (അമൃത ടി.വി)

നിർമ്മാണം : **കോഡെക്സ് മീഡിയ**
(20,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

സമൂഹത്തിന്റെ വിവിധ മേഖലകളിൽ പല തരത്തിൽ കഴിവു തെളിയിച്ച സ്ത്രീകളെ പൊതുവേദിയിലെത്തിച്ച് പ്രചോദനം പകരുന്ന സാമൂഹിക പ്രതിബദ്ധതയാർന്ന വിനോദ പരിപാടി.

**7. മികച്ച കോമഡി പ്രോഗ്രാം : മറിമായം**
(മഴവിൽ മനോരമ)

സംവിധാനം : **മിഥുൻ ചേറ്റൂർ**

(10,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

നിർമ്മാണം : **മഴവിൽ മനോരമ**
(15,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

സമൂഹിക പ്രസക്തമായ വിഷയങ്ങൾ ആക്ഷേപഹാസ്യത്തിന്റെ മേമ്പൊടിയോടെ തികച്ചും സ്വാഭാവികമായി ആവിഷ്കരിക്കുന്ന അവതരണ മികവിന്

**8. മികച്ച ഹാസ്യാഭിനേതാവ് : രശ്മി.ആർ**
(10,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

പരിപാടി : **കോമഡി മാസ്റ്റേഴ്സ്**
(അമൃതാ ടി.വി)

വ്യത്യസ്ത കഥാപാത്രങ്ങളെ തികച്ചും സ്വാഭാവികവും അതിഭാവുകത്വമില്ലാതെയും ഹാസ്യാത്മകമായി അവതരിപ്പിക്കുന്ന അഭിനയ മികവിന്

**9. മികച്ച ഡബ്ബിങ് ആർട്ടിസ്റ്റ് (ആൺ) : അമ്പൂട്ടി**
(10,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

പരിപാടി
(ടെലിസീരിയൽ) : **അക്ഷരത്തെറ്റ്, സൂര്യകാന്തി**
(മഴവിൽ മനോരമ)

രണ്ടു സീരിയലുകളിലെ വ്യത്യസ്ത കഥാപാത്രങ്ങളുടെ സ്വഭാവ സവിശേഷതകൾ ഉൾക്കൊണ്ട് ശബ്ദം പകർന്ന മികവിന്.

**10. മികച്ച ഡബ്ബിങ് ആർട്ടിസ്റ്റ് (പെൺ) : മീര**
(10,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

പരിപാടി : **കഥയറിയാതെ, കൂടത്തായി**
(ഫ്ളവേഴ്സ് ടി.വി)

'കഥയറിയാതെ' എന്ന സീരിയലിലെ നായികാ കഥാപാത്രത്തിനും 'കൂടത്തായി'യിലെ കേന്ദ്ര കഥാപാത്രത്തിന്റെ കൗമാരകാലത്തിനും ശബ്ദം നൽകി മികവുറ്റതാക്കിയതിന്.

**11. കുട്ടികളുടെ മികച്ച ഷോർട്ട് ഫിലിം:**

ഈ വിഭാഗത്തിൽ എൻട്രികൾ ഉണ്ടായിരുന്നില്ല.

**12. മികച്ച സംവിധായകൻ :**
(ടെലിസീരിയൽ/ടെലിഫിലിം)

പ്രതിഭയും ഉത്തരവാദിത്തബോധവുമുള്ള സംവിധായകരുടെ അഭാവം ഇത്തവണ ലഭിച്ച എൻട്രികളിലെല്ലാം തന്നെ പ്രകടമായിരുന്നു. അതുകൊണ്ട് ഈ വിഭാഗത്തിൽ അവാർഡ് നൽകേണ്ടതില്ലെന്ന് ജൂറി തീരുമാനിക്കുന്നു.

**13. മികച്ച നടൻ** : **ശിവജി ഗുരുവായൂർ**
(ടെലിസീരിയൽ/ടെലിഫിലിം) (15,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

പരിപാടി : **കഥയറിയാതെ** (ഫ്ളവേഴ്സ് ടി.വി.)

തന്മയത്വമുള്ള അഭിനയശൈലിയിലൂടെ 'കഥയറിയാതെ' എന്ന പരമ്പരയിലെ രാമേട്ടനെ ഹൃദയസ്പർശിയായി അവതരിപ്പിച്ചതിന്.

**14. മികച്ച രണ്ടാമത്തെ നടൻ** : **റാഫി**
(ടെലിസീരിയൽ/ടെലിഫിലിം) (10,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

പരിപാടി : **ചക്കപ്പഴം** (ഫ്ളവേഴ്സ് ടി.വി.)

'ചക്കപ്പഴം' എന്ന ഹാസ്യപരമ്പരയിലെ സുമേഷിന്റെ അന്തഃസംഘർഷങ്ങളെ നർമ്മം ചോരാതെ അവതരിപ്പിച്ചതിന്.

**15. മികച്ച നടി** : **അശ്വതി ശ്രീകാന്ത്**
(ടെലിസീരിയൽ/ടെലിഫിലിം) (15,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

പരിപാടി : **ചക്കപ്പഴം** (ഫ്ളവേഴ്സ് ടി.വി.)

'ചക്കപ്പഴ'ത്തിലെ ആശയെന്ന കഥാപാത്രത്തെ അനായാസമായും സരസമായും അവതരിപ്പിച്ചതിന്.

**16. മികച്ച രണ്ടാമത്തെ നടി** : **ശാലു കുര്യൻ**
(ടെലിസീരിയൽ/ടെലിഫിലിം) (10,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

പരിപാടി : **അക്ഷരത്തെറ്റ്**
(മഴവിൽ മനോരമ)

ഒരു ദരിദ്രകുടുംബത്തിലെ സ്ത്രീജീവിതത്തിന്റെ അതിജീവനപ്രശ്നങ്ങളെ അവതരിപ്പിച്ച അഭിനയ മികവിന്.

**17. മികച്ച ബാലതാരം** : **ഗൗരി മീനാക്ഷി**
(ടെലിസീരിയൽ/ടെലിഫിലിം) (10,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

പരിപാടി : **ഒരിതൾ** (ദൂരദർശൻ)

ബാല്യത്തിന്റെ നിഷ്കളങ്കതയും ജിജ്ഞാസയും പരിഭവങ്ങളുമെല്ലാം പ്രകടമാക്കുന്ന സൂക്ഷ്മാഭിനയ മികവിന്.

---

**18. മികച്ച ഛായാഗ്രാഹകൻ** : **ശരൺ ശശിധരൻ**
(ടെലിസീരിയൽ/ടെലിഫിലിം) (15,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

പരിപാടി : **കള്ളൻ മറുത** (ADN GOLD)

കഥാപശ്ചാത്തലം ആവശ്യപ്പെടുന്ന ദൃശ്യചലനങ്ങൾ സൃഷ്ടിച്ച ഛായാഗ്രഹണ മികവിന്.

---

**19. മികച്ച ചിത്രസംയോജകൻ:** **വിഷ്ണു വിശ്വനാഥൻ**
(ടെലിസീരിയൽ/ടെലിഫിലിം) (15,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

പരിപാടി : **ആന്റി ഹീറോ** (സ്പൈഡർ നെറ്റ്)

വേറിട്ട ദൃശ്യസംയോജന ശൈലിയിലൂടെ കഥയ്ക്കും ദൃശ്യഭാഷയ്ക്കും പൂർണ്ണത നൽകിയതിന്.

---

**20. മികച്ച സംഗീത സംവിധായകൻ** : **വിനീഷ് മണി**
(ടെലിസീരിയൽ/ടെലിഫിലിം) (15,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

പരിപാടി : **അച്ഛൻ**
(കേരള വിഷൻ)

പ്രമേയം ആവശ്യപ്പെടുന്ന വൈകാരിക മുഹൂർത്തങ്ങൾക്ക് അനുസൃതമായി ചിട്ടപ്പെടുത്തിയ സംഗീതത്തിന്റെ മേന്മയ്ക്ക്.

---

**21. മികച്ച ശബ്ദലേഖകൻ** : **അരുൺ സൗണ്ട്സ് സ്കേപ്പ്**
(ടെലിസീരിയൽ/ടെലിഫിലിം) (15,000 /- രൂപയും പ്രശസ്തിപത്രവും ശില്പവും)

പരിപാടി : **കള്ളൻ മറുത** (ADN GOLD)

ദൃശ്യഭാഷയ്ക്ക് അനുസൃതമായ സൂക്ഷ്മശബ്ദങ്ങൾ ആലേഖനം ചെയ്തതിന്.

**22. മികച്ച കലാസംവിധായകൻ :**
(ടെലിസീരിയൽ/ടെലിഫിലിം)

ഒരു കലാസംവിധായകന്റെ സർഗാത്മക സാന്നിധ്യം അനുഭവിപ്പിക്കുന്ന എൻട്രികൾ ഉണ്ടായിരുന്നില്ല. അതുകൊണ്ട് ഈ കാറ്റഗറിയിലും അവാർഡ് നൽകേണ്ടതില്ലെന്ന് ജൂറി തീരുമാനിക്കുന്നു.

## പ്രത്യേക ജൂറി പരാമർശം

1. **ഹാസ്യാഭിനേതാവ്** : **സലിം ഹസ്സൻ**
(പ്രശസ്തി പത്രവും ശില്പവും)

പരിപാടി : **മറിമായം** (മഴവിൽ മനോരമ)

'മറിമായ'ത്തിലെ വ്യത്യസ്ത കഥാപാത്രങ്ങൾക്ക് വേറിട്ട ശൈലി നൽകുന്ന ഹാസ്യാഭിനയ മികവിന്.

# അവാർഡുകൾ

## കഥേതര വിഭാഗം

1. **മികച്ച ഡോക്യുമെന്ററി (ജനറൽ):** **ദി സീ ഓഫ് എക്സ്റ്റസി**
(സെൻസേഡ് പരിപാടി)

സംവിധാനം : **നന്ദകുമാർ തോട്ടത്തിൽ**
(15,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

നിർമ്മാണം : **നന്ദകുമാർ തോട്ടത്തിൽ**
(20,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

വിശ്വാസവും ഭക്തിയും രക്തരൂഷിതമാവുന്ന കൊടുങ്ങല്ലൂർ ഭരണിയെ ഉത്തരകേരളത്തിൽ നിന്നുള്ള പുറപ്പാടുദൃശ്യങ്ങളടക്കം സമഗ്രവും സൂക്ഷ്മവുമായി ഡോക്യുമെന്റ് ചെയ്തതിലെ കൃത്യതയ്ക്കും ദൃശ്യപരമായ മികവിനും ശബ്ദമിശ്രണത്തിലെ പൂർണ്ണതയ്ക്കും പുരസ്കാരം നൽകുന്നു.

**2. മികച്ച ഡോക്യുമെന്ററി (സയൻസ് & എൻവയോൺമെന്റ്)** : **അടിമത്തത്തിന്റെ രണ്ടാം വരവ്** (കൈരളി ന്യൂസ്)

സംവിധാനം : **കെ.രാജേന്ദ്രൻ**
(10,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

നിർമ്മാണം : **കൈരളി ന്യൂസ്**
(15,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

ആഫ്രിക്കയിലെ ഘാനയിൽ ദുഷ്കര സാഹചര്യങ്ങളിൽ ചിത്രീകരിച്ച ഈ ഡോക്യുമെന്ററി, ലോകം നേരിടുന്ന ഏറ്റവും വലിയ ഭീഷണികളിലൊന്നായ ഇ-മാലിന്യങ്ങൾ കേരളത്തിലടക്കം സൃഷ്ടിക്കാൻ പോകുന്ന ഗുരുതരാവസ്ഥകളെ ആശങ്കയോടെ മുൻനിർത്തുന്നു. കൊടും വിഷവാതകങ്ങൾ ശ്വസിച്ച് ശ്വാസംമുട്ടി പണിയെടുക്കുന്ന കുഞ്ഞുങ്ങളിലേയ്ക്ക് സംവിധായകൻ തന്നെ കൈകാര്യം ചെയ്യുന്ന ക്യാമറ കടന്നുചെന്ന് കാണിച്ചുതരുന്ന കാഴ്ചകൾ ഈ ചിത്രത്തെ മികച്ച ശാസ്ത്ര പരിസ്ഥിതി ഡോക്യുമെന്ററിയാക്കുന്നു.

**3. മികച്ച ഡോക്യുമെന്ററി (ബയോഗ്രഫി)** : **കരിയൻ** (കൈരളി ന്യൂസ്)

സംവിധാനം : **ബിജു മുത്തത്തി**
(10,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

നിർമ്മാണം : **കൈരളി ന്യൂസ്**
(15,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

വയനാട്ടിൽ നക്സലൈറ്റ് നേതാവ് വർഗ്ഗീസിനൊപ്പം ആദിവാസി സമരങ്ങളിൽ പങ്കെടുത്തതിന് ജയിലിലടക്കപ്പെട്ട വിപ്ലവകാരി കെ.കരിയന്റെ അധികമൊന്നും അറിയപ്പെടാത്ത ജീവിതത്തെ കാച്ചിക്കുറുക്കിയ സംഭാഷണങ്ങളുടെ ജൈവികതയിലൂടെ ആവിഷ്കരിച്ച അവതരണ മികവിന് പുരസ്കാരം നൽകുന്നു. കരിയന്റെ ആത്മഭാഷണങ്ങൾ സ്വയം പ്രകാശിപ്പിക്കുന്ന ജീവിതദർശനം ഈ ചിത്രത്തെ സ്വയം പൂർണ്ണമാക്കുന്നു.

**4. മികച്ച ഡോക്യുമെന്ററി (വിമൻ & ചിൽഡ്രൻ)** : **ഐ ആം സുധ** (മാതൃഭൂമി ന്യൂസ്)

സംവിധാനം : **റിയ ബേബി**
(10,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

നിർമ്മാണം : **മാതൃഭൂമി ന്യൂസ്**
(15,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

അതിഭാവുകത്വപരമായ ആവിഷ്കാരത്തിലേയ്ക്ക് എളുപ്പം പതിക്കാൻ സാധ്യതയുള്ള ഒരു സ്ത്രീജീവിതത്തെ, ദൃശ്യപരമായ അച്ചടക്കത്തോടെയും സംയമനത്തോടെയും രേഖപ്പെടുത്തിയ ചിത്രം. തട്ടേക്കാട് പക്ഷി നിരീക്ഷണ സങ്കേതത്തിലെ സുധയെന്ന വഴികാട്ടി, ജീവിതപ്രതിസന്ധികളെ ധീരതയോടെയും പ്രസന്നതയോടെയും നേരിട്ട്, പ്രകൃതിയെയും പരിസ്ഥിതിയെയും സ്നേഹിച്ച് ജീവിക്കുന്നതിന്റെ ആവിഷ്കാരം.

**5. മികച്ച എഡ്യുക്കേഷണൽ പ്രോഗ്രാം** : **1. വാക്കുകളെ സ്വപ്നം കാണുമ്പോൾ**
**2. തരിയോട്**
(സെൻസേഡ് പരിപാടി)

സംവിധാനം : **1. നന്ദൻ**
**2. നിർമ്മൽ ബേബി വർഗീസ്**
(5,000/- രൂപയും പ്രശസ്തിപത്രവും ശില്പവും വീതം)

നിർമ്മാണം : **1. നന്ദൻ**
**2. ബേബി ചൈതന്യ**
(7,500/- രൂപയും പ്രശസ്തിപത്രവും ശില്പവും വീതം)

1. **വാക്കുകളെ സ്വപ്നം കാണുമ്പോൾ:** ഔപചാരിക വിദ്യാഭ്യാസത്തിന്റെ അലങ്കാരങ്ങളൊന്നുമില്ലെങ്കിലും ഇന്ത്യയിലെ നാലു പ്രധാന ദ്രാവിഡഭാഷകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് നിഘണ്ടു തയ്യാറാക്കാൻ ഞാറ്റ്യേല ശ്രീധരൻ എന്ന ഭാഷാ സ്നേഹി നടത്തിയ സമാനതകളില്ലാത്ത അധ്വാനത്തിന്റെയും ഗവേഷണങ്ങളുടേയും യാത്രകളുടേയും ആവിഷ്കാരമികവിന്.
2. **തരിയോട് :** മലബാറിലെ സ്വർണ്ണഖനനത്തിന്റെ ചരിത്രം അപൂർവ്വരേഖകളിലൂടെ ആവിഷ്കരിച്ചതിലെ ഗവേഷണമികവിന്

---

**6. മികച്ച ആങ്കർ (എഡ്യുക്കേഷണൽ പ്രോഗ്രാം)** : **ഡോ. ജിനേഷ് കുമാർ എരമം**
(10,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

പരിപാടി : **ഫസ്റ്റ് ബെൽ** (കൈറ്റ് വിക്ടേഴ്സ്)

കലാമണ്ഡലം ഹൈദരാലിയെ കുറിച്ചുള്ള പാഠഭാഗം, വിദ്യാർത്ഥികൾക്ക് ആഴം വ്യക്തമാക്കിയും ഉചിതമായ പദപ്രയോഗങ്ങളിലൂടെയും ടെലിവിഷന്റെ വ്യാകരണമറിഞ്ഞ് പറഞ്ഞുകൊടുത്തതിലെ അവതരണ പാടവത്തിന് പുരസ്കാരം നൽകുന്നു.

---

**7. മികച്ച സംവിധായകൻ (ഡോക്യുമെന്ററി)** : **ജെ.ബിബിൻ ജോസഫ്**
(15,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

പരിപാടി : **ദി ഫ്രാഗ്മെന്റ്സ് ഓഫ് ഇല്യൂഷൻ**
(സെൻസേഡ് പരിപാടി)

ചവിട്ടുനാടകമെന്ന കലാരൂപത്തിലെ ഐതിഹാസിക കഥാപാത്രമായ കാറൽസ്മാൻ ചക്രവർത്തിയെ ചവിട്ടുനാടകത്തിന്റെ ആസ്ഥാനമായ ഗോതുരുത്തിലെ കലാകാരന്മാരും നാട്ടുകാരും വിവിധ സന്ദർഭങ്ങളിൽ വിവിധ രീതികളിൽ ഓർക്കുന്നതിനെ കാവ്യാത്മകമായി ആവിഷ്കരിച്ച സംവിധാന മികവിന് പുരസ്കാരം നൽകുന്നു.

---

**8. മികച്ച ന്യൂസ് ക്യാമറാമാൻ** : **ജെയ്ജി മാത്യു**
(10,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

പരിപാടി : **ഉഭയജീവികളായ ദമ്പതികളുടെ കണ്ണീർ ജീവിതം**
(മനോരമ ന്യൂസ്)

കൊച്ചി കണ്ണമാലിയിലെ ഒരു ലക്ഷംവീട് കോളനിയിലെ കുടുംബം വർഷം മുഴുവൻ വെള്ളക്കെട്ടിൽ കഴിയുന്ന ഉഭയജീവിതത്തെ നമ്മുടെ മനസ്സിലും മരവിപ്പുകയറുംവിധം ചിത്രീകരിച്ചതിന്.

**9. മികച്ച വാർത്താവതാരക** : **രേണുക എം.ജി.**
(15,00/- രൂപയും പ്രശസ്തിപത്രവും ശില്പവും)

പരിപാടി : **നാലുമണി വാർത്ത** (ന്യൂസ് 18 കേരളം)

പ്രസന്നത, ഉച്ചാരണ ശുദ്ധി, സ്ഫുടത, വാർത്തയുടെ ഉള്ളറിഞ്ഞുള്ള അവതരണമികവ്, തുടങ്ങിയവയെല്ലാം രേണുക എം.ജി.യെ വേറിട്ട വാർത്ത അവതാരകയാക്കുന്നു.

**10. മികച്ച കോമ്പിയർ/ആങ്കർ** : **1. രാജശ്രീ വാര്യർ**
(വാർത്തേതര പരിപാടി) **2. ബാബു രാമചന്ദ്രൻ**
(5,000/- രൂപയും പ്രശസ്തിപത്രവും ശില്പവും വീതം)

പരിപാടികൾ : **1. സൗമ്യം, ശ്രീത്വം, ഭാവദ്വയം**
(ദൂരദർശൻ)
**2. വല്ലാത്തൊരു കഥ**
(ഏഷ്യനെറ്റ് ന്യൂസ്)

1. രാജശ്രീവാര്യർ: അവതരിപ്പിക്കുന്ന വിഷയത്തെ ആഴത്തിൽ ഉൾക്കൊണ്ട്, ശാന്തമായും മലയാളഭാഷയുടെ തനിമ നിലനിർത്തിയും പ്രേക്ഷകരിലേയ്ക്കെത്തിക്കുന്ന അവതരണ വൈഭവത്തിന് പുരസ്കാരം നൽകുന്നു.
2. ബാബു രാമചന്ദ്രൻ : സമകാലിക ഇന്ത്യൻ ജീവിതത്തിലെ പ്രധാനപ്പെട്ട പല സംഭവങ്ങളെയും ഒരു കഥപറച്ചിലിന്റെ ഭാവഗരിമയോടെ പിരിമുറുക്കം വിടാതെ കണ്ടിരിക്കാൻ പ്രേരിപ്പിക്കുന്ന അവതരണ മികവിന്.

**11. മികച്ച കമന്റേറ്റർ** : **സി. അനൂപ്**
(Out of Vision) (10,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

പരിപാടി : **പാട്ടുകൾക്ക് കൂടൊരുക്കിയ ഒരാൾ**
(സെൻസേഡ് പ്രോഗ്രാം)

ജീവിതം മലയാള ചലച്ചിത്രഗാനങ്ങളുടെ ശേഖരണത്തിനായി സമർപ്പിച്ച കൊച്ചിക്കാരൻ അഷ്റഫിന്റെ ജീവിതത്തെക്കുറിച്ചുള്ള ചിത്രത്തിന് സ്പഷ്ടമായ സ്വരപൂർണ്ണതയോടെ ആഖ്യാനം നൽകിയതിന് പുരസ്കാരം നൽകുന്നു.

**12. മികച്ച ആങ്കർ/ഇന്റർവ്യൂവർ** : **കെ.ആർ.ഗോപീകൃഷ്ണൻ**
**(കറന്റ് അഫയേഴ്സ്)** (10,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

പരിപാടി : **360 ഡിഗ്രി** (24 ന്യൂസ്)

ഒരേ സമയം പ്രതിപക്ഷബഹുമാനവും അതേസമയം അന്വേഷണാത്മകതയും പ്രകടിപ്പിക്കുന്ന ചോദ്യങ്ങളുന്നയിച്ച്, വാർത്തകളുടെയും വിവാദങ്ങളുടെയും ഉള്ളറകളിലേയ്ക്ക് വ്യക്തികളിലൂടെ നടത്തുന്ന സഞ്ചാരത്തിന്, 360 ഡിഗ്രി എന്ന പരിപാടിയുടെ അവതരണമികവിന് പുരസ്കാരം നൽകുന്നു.

**13. മികച്ച ഇൻവെസ്റ്റിഗേറ്റീവ് ജേർണലിസ്റ്റ് : മുഹമ്മദ് അസ്‌ലം.എ.**

(10,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

പരിപാടി : **EWS സംവരണം വിവിധ കോഴ്സുകളിലെ സീറ്റ് വിഭജനത്തിലുണ്ടാക്കിയ മാറ്റം** (മീഡിയാ വൺ)

ലോക്ഡൗൺ കാലത്ത് അന്വേഷണാത്മക വാർത്തകൾ തേടി മാധ്യമപ്രവർത്തകർക്ക് വലിയതോതിൽ പുറംലോകത്തേയ്ക്ക് പോകാൻ കഴിയാതിരുന്ന കാലത്ത് EWS സംവരണം നടപ്പിലാക്കിയപ്പോൾ കോഴ്സുകളിലെ സീറ്റ് വിഭജനത്തിൽ താളപ്പിഴകളുണ്ടായി എന്ന് കണ്ടെത്തിയ റിപ്പോർട്ട്. രേഖകളെ സൂക്ഷ്മമായും അന്വേഷണാത്മകമായും പരിശോധിച്ച് വസ്തുതകൾ പുറത്തുകൊണ്ടുവരുന്നതിലെ മികവിന്.

**14. മികച്ച ടി.വി.ഷോ (കറന്റ് അഫയേഴ്സ്):**

**സ്പെഷ്യൽ കറസ്പോണ്ടന്റ്**

(ന്യൂസ് 18 കേരളം)

നിർമ്മാണം : **അപർണ്ണ കുറുപ്പ്**

(10,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

ആധുനികാനന്തര കേരളത്തിന്റെ പുരോഗമന പ്രമേയങ്ങളെ മുഴുവൻ തകർത്ത്, അതിവേഗം വർഗീയാവത്കരണത്തിനു വിധേയരാവുന്ന കേരളീയ സ്ത്രീകളെ തുറന്നുകാണിച്ച അവതരണത്തിന്. കേരളത്തിലെ ചില ആരാധനാലയങ്ങൾ കേന്ദ്രീകരിച്ച് നടക്കുന്ന വെറുപ്പിന്റെയും അന്യമത വിദ്വേഷത്തിന്റെയും രാഷ്ട്രീയത്തെ സ്പെഷ്യൽ കറസ്പോണ്ടന്റ് എന്ന പ്രതിവാര പരിപാടിയിലൂടെ ധീരമായി തുറന്നു കാണിച്ചതിന്.

**15. മികച്ച കുട്ടികളുടെ പരിപാടി : ഫസ്റ്റ്ബെൽ-കലാമണ്ഡലം ഹൈദരാലിയെക്കുറിച്ചുള്ള പരിപാടി**

(കൈറ്റ് വിക്ടേഴ്സ്)

സംവിധാനം : **ബി.എസ്.രതീഷ്**

(15,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

നിർമ്മാണം : **കെ.അൻവർ സാദത്ത്**

(15,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

കലാമണ്ഡലം ഹൈദരാലിയെക്കുറിച്ചുള്ള പാഠഭാഗം വിദ്യാർത്ഥികളുടെ പ്രായത്തിനും മനസ്സിനും ഇണങ്ങുന്ന രീതിയിൽ അപഗ്രഥന സ്വഭാവത്തോടെ എഡിറ്റ് ചെയ്ത് അവതരിപ്പിക്കുന്നതിൽ പുലർത്തിയ മികവിന്.

അടച്ചുപൂട്ടലിന്റെ കാലത്ത് കുട്ടികളുടെ പഠനം തുടരുന്നതിനും അധ്യയന വർഷം നഷ്ടപ്പെടാതിരിക്കാനും ഉതകുന്ന രീതിയിൽ ഫസ്റ്റ് ബെല്ലിന്റെ വിവിധ എപ്പിസോഡുകൾ തയ്യാറാക്കിയ സംവിധായകരുടെയും പ്രവർത്തനം അഭിനന്ദനീയമാണ്.

# പ്രത്യേക ജൂറി പരാമർശങ്ങൾ

**1. ഛായാഗ്രഹണം (ഡോക്യുമെന്ററി)**

പരിപാടി : **അങ്ങനെ മനുഷ്യൻ ഞെരിഞ്ഞമരുന്നു വീണ്ടും വീണ്ടും**
(സെൻസേഡ് പരിപാടി)

: **സെബിൻസ്റ്റർ ഫ്രാൻസിസ്, ആന്റണി ഫ്രാൻസിസ്**
(ശില്പവും പ്രശസ്തി പത്രവും വീതം)

അടിക്കടിയുണ്ടാകുന്ന പ്രകൃതിദുരന്തങ്ങളിൽ ഇരകളാവുന്ന പാവപ്പെട്ട മനുഷ്യരുടെ സങ്കടങ്ങൾക്കൊപ്പം, സങ്കീർണ്ണ സാഹചര്യങ്ങളിൽ മനുഷ്യപ്പറ്റോടെ ക്യാമറ ചലിപ്പിച്ചതിന്.

**2. കാലിക പ്രധാന്യമുള്ള ചരിത്ര പരിപാടിയുടെ സംവിധാനത്തിന്**

പരിപാടി : **സെൻട്രൽ ഹാൾ**
(സഭ ടിവി)

സംവിധാനം : **പ്രിയ രവീന്ദ്രൻ,**
: **വി.എം.ദീപ**
(ശില്പവും പ്രശസ്തി പത്രവും വീതം)

കേരളത്തിന്റെ സാമൂഹ്യ, രാഷ്ട്രീയ, നിയമനിർമ്മാണ ചരിത്രത്തിന്റെ നാൾവഴികളിലേയ്ക്ക്, ആധികാരിക രേഖകളോടെയും സമുന്നത വ്യക്തികളുടെ സംഭാഷണങ്ങളോടെയും പ്രേക്ഷകരെ നയിക്കുന്ന പരമ്പരയ്ക്ക്.

♦♦♦♦♦